# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ്</u>

2415 ശ്രീ. ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് ഘടന നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദ മാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ പദ്ധതി</u>

2416 ശ്രീ. കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഉൽപാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്

2417 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

കേന്ദ്ര – സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണി വിപുലീകരണം

2418 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, കെ. മുരളീധരന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങള്‍ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേര്‍ന്ന് വിപണി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും ഗുണകരമാകുന്ന വ്യവസായങ്ങൾ</u>

2419 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും ഏതെല്ലാം വ്യവസായങ്ങൾ തുടങ്ങുന്നത് ഗുണകരമായിരിക്കുമെന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ഏതെല്ലാം വ്യവസായങ്ങൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള വ്യവസായങ്ങൾ തുടങ്ങുന്നവർക്ക് നല്കുന്ന സഹായങ്ങളും ഇവരുടെ ഉൽപന്നം വിപണനം ചെയ്യുന്നതിന് നല്കുന്ന സംവിധാനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 23.01.2014–ലെ മറുപടിക്ക്

<u>ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ്</u>

2420 ശ്രീ. ലൂഡി ലൂയിസ്
,, ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുക വഴി നിലവിലെ നിയമത്തിൽ ഭേദഗതിക്കായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്ക്</u>

2421 ശ്രീ. ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വൈദ്യ ഗവേഷണ രംഗത്തും മറ്റ് ജീവശാസ്ത്രമേഖലയിലും അവസരങ്ങൾ ഒരുക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇത് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>ഇൻഡസ്ട്രിയൽ ഇക്കോളജി</u>

2422 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ ഇക്കോളജി രൂപപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ ;

(ബി) ഇതിനായി വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

പരമ്പരാഗതവ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു നടപടി

2423 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവിദ്യയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗതവ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികളും പദ്ധതികളും എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(ബി) സർക്കാർ നടപടികളുടെ ഭാഗമായി ഈ വ്യവസായമേഖലയിൽ സഹായം ലഭിച്ച വ്യവസായങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) കയർ, കശുവണ്ടി, ഖാദി, മുള എന്നീ വ്യവസായങ്ങളിലും കരകൗശലമേഖലയിലും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

പുതിയ വ്യവസായ സംരംഭങ്ങളുടെ വിശദാംശങ്ങൾ

2424 ശ്രീ. കെ. രാധാകൃഷ്ണൻ
,, ജെയിംസ് മാത്യു
,, രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് കൂടുതൽ വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി സംഘടിപ്പിച്ച പരിപാടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭങ്ങളുമായി എത്തിയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എത്ര തുകയ്ക്കുള്ള വ്യവസായ സംരംഭങ്ങളാണ് ഇവർ ആരംഭിച്ചതെന്നും അതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) പുതിയ വ്യവസായ സംരംഭകർക്ക് സംസ്ഥാന സർക്കാർ ഇതിലേക്കായി അനുവദിച്ച ആനുകൂല്യങ്ങളുടെയും മറ്റ് ഇളവുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 23.01.2014–ലെ മറുപടിക്ക്

<u>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ പദ്ധതികൾ</u>

2425 ശ്രീ. എം. എ. ബേബി
,, എ. പ്രദീപ്കുമാർ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ എത്ര സ്ഥാപനങ്ങൾ തുടങ്ങിയെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര പ്രതിരോധ മന്ത്രാലയവുമായി യോജിച്ച് പുതുതായി എന്തെല്ലാം പ്രോജക്ടുകൾ തുടങ്ങാനാണ് ഇതിനകം തീരുമാനമായിട്ടുള്ളത്; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ രണ്ടു വർഷമായി സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം എത്രയാണെന്നും നിക്ഷേപം കുറഞ്ഞുവെങ്കിൽ അതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ;

(എഫ്) പ്രതിരോധ മന്ത്രാലയവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദ്ധതികൾ തുടങ്ങുന്നതിൽ ഉണ്ടായ ധൈര്യം ഇപ്പോൾ ഇല്ലായെന്ന് കേന്ദ്ര പ്രതിരോധ മന്ത്രി നടത്തിയ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>ഒറ്റപ്പാലത്ത് വ്യവസായ വികസന പദ്ധതികൾ</u>

2426 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടികിടക്കുകയായിരുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുകയുണ്ടായി; വിശദാംശങ്ങൾ നൽകാമോ;

(സി) 1.7.2006 മുതൽ 31.3.2011 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര വ്യവസായശാലകൾ ആരംഭിച്ചു;

(ഡി) പ്രസ്തുത കാലയളവിൽ പൂട്ടിക്കിടക്കുകയായിരുന്ന എത്ര വ്യവസായസ്ഥാപനങ്ങൾ തുറന്നു പ്രവർത്തിച്ചു; വിശദമായ ലിസ്റ്റ് നൽകാമോ;

(ഇ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിന്റെ വ്യവസായവികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പ്രോജക്ടുകൾ നടപ്പിലാക്കി എന്ന് വിശദീകരിക്കാമോ;

(എഫ്) എത്ര തുകയുടെ വികസനമാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>വ്യവസായ വികസനത്തിനുള്ള കേന്ദ്രസഹായം</u>

2427

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനായി 2012–2013 വർഷത്തിൽ കേന്ദ്രസർക്കാർ എത്ര കോടി രൂപ അനുവദിച്ചു;

(ബി) കേന്ദ്രധനസഹായം ഉപയോഗപ്പെടുത്തി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; ഓരോന്നിനും എത്ര തുക ചിലവഴിച്ചു;

(സി) കേന്ദ്രധനസഹായത്തിൽ ചിലവഴിക്കാത്ത തുക എത്ര; വിശദാംശം നൽകാമോ;

(ഡി) ഇടത്തരം വൻകിട വ്യവസായങ്ങൾക്കായി കേന്ദ്ര സർക്കാർ എത്ര തുക ധനസഹായം നൽകി; അതുപയോഗപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശം നൽകാമോ;

(ഇ) ഒരു തുകയും ചിലവഴിച്ചില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ?

## കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>പൊതുമേഖലാ വ്യവസായങ്ങൾ</u>

2428 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പൊതുമേഖലാ വ്യവസായങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട് ; അവയുടെ പേരുവിവരം ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്ത് ആകെ എത്ര വ്യവസായശാലകളാണ് പൊതു മേഖലയിൽ സർക്കാർ/അർദ്ധസർക്കാർ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നത് ;

(സി) 2011നു ശേഷം ഏതെങ്കിലും പുതിയ വ്യവസായശാലകൾ തുടങ്ങിയിട്ടുണ്ടോ;

(ഡി) പൊതുമേഖലയിൽ ഏതെങ്കിലും വ്യവസായശാലകൾ പുതുതായി തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വ്യവസായ വികസന അവലോകനം</u>

2429 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വ്യവസായ മേഖലകളിലെ വികസന സാധ്യതകൾ അവലോകനം ചെയ്യാൻ ഏതെങ്കിലും പ്രൊഫഷണൽ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഏജൻസി എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ?

**കേരള നിയമസഭ**
**23.01.2014–ലെ മറുപടിക്ക്**

<u>ആദ്യവ്യവസായ ഗ്രാമ പ്രഖ്യാപനം</u>

2430 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' സണ്ണി ജോസഫ്
'' എം. എ. വാഹീദ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദ്യ വ്യവസായഗ്രാമ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് അനുകൂലമായ സ്ഥലങ്ങളിൽ ഇവ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

എമേര്‍ജിംഗ് കേരളയില്‍ അവതരിപ്പിച്ച പദ്ധതികളിലെ തുടര്‍നടപടികള്‍

2431 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
'' വി. റ്റി. ബല്‍റാം
'' വി. ഡി. സതീശന്‍
'' എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എമേര്‍ജിംഗ് കേരളയില്‍ അവതരിപ്പിച്ച പദ്ധതികളിന്‍മേല്‍ എന്തെല്ലാം തുടര്‍നടപടികള്‍ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എത്ര പദ്ധതികള്‍ക്ക് അന്തിമരൂപരേഖ തയ്യാറാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഏതെല്ലാം മേഖലയിലെ പദ്ധതികള്‍ക്കാണ് നടത്തിപ്പിന് തീരുമാനമെടുത്തിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

### എമർജിംഗ് കേരള

2432 ശ്രീ. പി. കെ. ഗുരുദാസൻ
,, ബി. സത്യൻ
,, കെ. സുരേഷ് കുറുപ്പ്
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയുടെ ഫലമായി സംസ്ഥാനത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചതായിട്ടാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എമർജിംഗ് കേരളയുടെ ഉത്ഘാടനവേദി ഒരുക്കാൻ ഏല്പിച്ച സ്ഥാപനത്തിന്റെ ഉടമകളാരാണെന്ന് വ്യക്തമാക്കുമോ;

(സി) ആഡംബര സംവിധാനമുള്ള ഹോട്ടലിൽ ഏതെല്ലാം അധിക ക്രമീകരണങ്ങളാണ് ഉദ്ഘാടനവേളയിൽ ക്രമീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) എമർജിംഗ് കേരളയുടെ പരസ്യപ്രചാരണത്തിനായി കമ്പനിയെ തെരഞ്ഞെടുത്തത് ഏത് മാർഗ്ഗത്തിലൂടെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) പരസ്യപ്രചാരണത്തിനായി ഏതെല്ലാം ഇനത്തിലാണ് തുക നൽകിയതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള</u>

2433 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'എമർജിംഗ് കേരള'യുടെ ഭാഗമായി കേരളത്തിൽ നാളിതുവരെ എത്ര പദ്ധതികൾ രജിസ്റ്റർ ചെയ്തു ; രജിസ്റ്റർ ചെയ്ത കമ്പനികളുടെ വിശദാംശം നൽകുമോ ;

(ബി) രജിസ്റ്റർ ചെയ്ത പ്രോജക്ടുകളിൽ പ്രവർത്തനം ആരംഭിച്ച വയുടെ വിവരം ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

മൊബിലിറ്റി ഹബ്ബുകൾ

2434 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏതെല്ലാം ജില്ലാതലസ്ഥാനങ്ങളിലാണ് വൈറ്റില മാതൃകയിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

എൽ. എൻ. ജി. ടെർമിനലിന്റെ വാതക വിതരണം

2435 ശ്രീ. ഇ. പി. ജയരാജൻ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' റ്റി. വി. രാജേഷ്
'' കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ. എൻ. ജി. ടെർമിനലിന്റെ സ്ഥാപിതശേഷി മുഴുവൻ ഉപയോഗപ്പെടുത്തി വാതകം വിതരണം ചെയ്താൽ എത്ര ലക്ഷം ടൺ വാതകം വിതരണം ചെയ്യാൻ കഴിയുമെന്നും പ്രവർത്തനം തുടങ്ങിയ ടെർമിനലിന്റെ എത്ര ശതമാനമാണ് ഇപ്പോൾ ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ടെർമിനലിന്റെ സ്ഥാപിതശേഷിക്കനുസൃതമായ വിതരണം നടത്തുന്നതിന് ഇപ്പോൾ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കും സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിലേക്കും പൈപ്പിടാനുള്ള ഗെയിലിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം തടസ്സങ്ങളാണ് ഇപ്പോൾ അനുഭവപ്പെടുന്നതെന്നും, ഈ തടസ്സങ്ങൾ നീക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ സ്റ്റീൽ എക്സറ്റൻഷൻ സെന്റർ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി</u>

2436 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ പൂട്ടിക്കിടക്കുന്ന സ്റ്റീൽ എക്സ്റ്റൻഷൻ സെന്റർ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ;

(ബി) ഇത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ;

(സി) ഈ സ്റ്റീൽ ഫാക്ടറി എന്ന് മുതലാണ് പ്രവർത്തനം നിലച്ചതെന്നും, എത്ര ഏക്കർ സ്ഥലത്താണ് ഇത് പ്രവർത്തിച്ചിരുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ഈ ഫാക്ടറിയുടെ ഉടമസ്ഥത ആരിലാണെന്നും ഈ സ്ഥലത്ത് പുതിയ വ്യവസായ സംരംഭത്തിന് സാദ്ധ്യതയുണ്ടോയെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

**മംഗലപുരം വെയിലൂർ വില്ലേജിലെ അനധികൃത മണൽ ഖനനം**

2437 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മംഗലപുരം പഞ്ചായത്തിലെ വെയിലൂർ വില്ലേജിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് ഇന്ത്യ ക്ലേ ഫാക്ടറി നിയമാനുസൃതമല്ലാതെ മണൽ ഖനനം നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധയിൽപെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിയമവിരുദ്ധ ഖനനം നടത്തുന്ന കമ്പനിയുടെ പേരിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**23.01.2014–ലെ മറുപടിക്ക്**

<u>കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് സ്ഥാപിക്കൽ</u>

T.2438 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിഷയത്തിനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നല്കിയ കത്തുകളും ആയതിന് ലഭിച്ച മറുപടിയും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>താഴക്കര കൊച്ചാലുമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഭൂമി</u>

2439 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ ആവശ്യത്തിന് സ്ഥലം ഏറ്റെടുത്ത ശേഷം ആരും വ്യവസായം ആരംഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വ്യവസായം ആരംഭിക്കാത്തവരിൽ നിന്ന് സ്ഥലം തിരികെ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) വ്യവസായം ആരംഭിക്കാത്ത വ്യക്തികളുടെ കണക്ക് ലഭ്യമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) വ്യവസായം ആരംഭിക്കാതെ സ്ഥലം മറിച്ചുകൊടുത്ത വ്യക്തികളാരൊക്കെ; ഇത് നിയമാനുസൃതം ആണോ; ഇവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>റാന്നിയിലെ റബ്ബർ പാർക്കിന്റെ നിർമ്മാണം</u>

2440 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച കേരളത്തിലെ രണ്ടാമത്തെ റബ്ബർ പാർക്കിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) റബ്ബർ പാർക്കിന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാനായി ഉദ്ദേശിച്ചിരുന്നത്; ഇതിനായി പത്തനംതിട്ട ജില്ലാ കളക്ടർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇതിൽ അനുയോജ്യമായ സ്ഥലം ഏതെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ;

(ഡി) വ്യാവസായിക ഭൂപടത്തിൽ ഇടമില്ലാതിരിക്കുന്ന റാന്നിക്കും പത്തനംതിട്ട ജില്ലയ്ക്കും ഗുണം ചെയ്യുന്ന ഈ പദ്ധതി നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 23.01.2014–ലെ മറുപടിക്ക്

<u>പെരുമ്പാവൂരിൽ ടിമ്പർസോൺ</u>

2441 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടി വ്യവസായ കേന്ദ്രമായ പെരുമ്പാവൂരിൽ ടിമ്പർ സോൺ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇതിന്റെ പ്രായോഗികത പരിശോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങൾ</u>

2442 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൻ കീഴിൽ ആലപ്പുഴ ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച സംരംഭങ്ങൾ ഏതെല്ലാമാണെന്നും ഈ സംരംഭങ്ങൾ ഏതെല്ലാം മണ്ഡലങ്ങളിലാണെന്നും വ്യക്തമാക്കുമോ; ഇതിനു വേണ്ടി സർക്കാരിന്റെ മുതൽമുടക്ക് എത്രയാണെന്നും ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്നും വ്യക്തമാക്കുമോ;

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതെല്ലാമെന്നും ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ചേലക്കര മണ്ഡലത്തിലെ വരവൂരിൽ വ്യവസായ പാർക്ക്

2443 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വരവൂരിൽ വ്യവസായ പാർക്ക് ആരംഭിക്കന്നതിന് ഭൂമി വിലയ്ക്ക് വാങ്ങിയിട്ടുള്ളതായി അറിയുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വരവൂർ വ്യവസായ പാർക്കിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായങ്ങളെ സംബന്ധിച്ച് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ വ്യവസായ പാർക്കിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയെന്തെങ്കിലും വകയിരുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ജി) നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ വ്യവസായ പാർക്കിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെങ്കിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കൊയിലാണ്ടി മണ്ഡലത്തിലെ സിഡ്കോയുടെ പ്രവൃത്തികൾ

2444 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിന് കീഴിൽ സിഡ്കോ മുഖേനയും സിഡ്കോ ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാം എന്നും ഓരോ പദ്ധതി പ്രവൃത്തിയുടെയും പുരോഗതി/സ്ഥിതി എന്തെന്നും വിശദമായി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ വ്യവസായ പാർക്ക്</u>

2445 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ ചുള്ളി, ഒലീവ് മൗണ്ട്, താബോർ മേഖലകളിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ ജില്ലാ കളക്ടർക്ക് കത്ത് നല്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇതുസംബന്ധമായി അയ്യമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. ഒ. വർഗീസ് മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച സമ്മതപത്രത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>അങ്കമാലിയിൽ കിൻഫ്രാ വ്യവസായ പാർക്കിനായി ഭൂമി</u>

2446 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കിൻഫ്രാ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ 2008–ലെ നെൽവയൽ – തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെ ബന്ധപ്പെടുത്തി ലാന്റ് അക്വിസിഷൻ നടപടി ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഫയൽചെയ്ത WP(C)33795/2010 കേസിലെ സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി, പാണപ്പുഴയിൽ വ്യവസായ പാർക്ക്</u>

2447 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് പാണപ്പുഴ വില്ലേജിൽ ഉൾപ്പെട്ട അഞ്ഞൂറ് ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും വ്യവസായ പാർക്ക് ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>പാറ ഖനനാനുമതി നൽകിയതിലൂടെ ലഭിച്ച വരുമാനം</u>

2448 ശ്രീ. സി. ദിവാകരൻ
,, ഇ. കെ. വിജയൻ
,, ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011–2012, 2012–2013 എന്നീ വർഷങ്ങളിൽ പാറഖനനാനുമതി നൽകിയതിലൂടെ സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്ര ;

(ബി) കഴിഞ്ഞ മുപ്പതു മാസത്തിനുള്ളിൽ പുതുതായി ഖനനാനുമതി നേടിയ പാറമടകളുടെ എണ്ണം എത്ര ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിൽ പാറഖനനത്തിനായി ഈ കാലയളവിൽ എത്ര അനുമതികൾ നല്കിയിട്ടുണ്ട് ; അവ ഏതെല്ലാം ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ പുറമ്പോക്ക് ഭൂമികളിൽ പാറ ഖനനം നടക്കുന്നുണ്ടോ ; ഇത്തരം ഭൂമികളിൽ അനുമതി ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

പരിസ്ഥിതി ലോല മേഖലകളിലെ അനധികൃത ക്വാറികൾ

2449 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, കെ. അജിത്
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പരിസ്ഥിതി ലോല മേഖലകളിൽ എത്ര അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കളക്ടറുടെയോ, പഞ്ചായത്തിന്റേയോ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം ക്വാറികളുടെ പ്രവർത്തനം തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കരിങ്കൽ-ചെങ്കൽ ക്വാറികൾ

2450 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കരിങ്കൽ ക്വാറിയും ചെങ്കൽ ക്വാറിയും നിലവിൽ പ്രവർത്തിക്കുന്നുണ്ട്; ഇതിലൂടെ എത്ര കോടി രൂപയുടെ ഖനനം നടക്കുന്നു; ഇതിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വാർഷിക വരുമാനം എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കരിങ്കൽ ക്വാറികൾക്കും ചെങ്കൽ ക്വാറികൾക്കും അനുമതി നൽകി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അനുമതി നൽകിയ പ്രസ്തുത ക്വാറികളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വാർഷിക വരുമാനം എത്ര;

(ഡി) റവന്യൂ, പുറമ്പോക്ക്, വനം മേഖലകളിലായി എത്ര കരിങ്കൽ ക്വാറികളും, ചെങ്കൽ ക്വാറികളും പ്രവർത്തിക്കുന്നുവെന്നും ഇവയിൽ സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്നവ എത്ര; അനുമതി ഇല്ലാത്തവ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) നിയമത്തിലെ പഴുത്, റോയൽറ്റി എന്നിവ ഉപയോഗിച്ച് ഭൂരിപക്ഷം ക്വാറി ഉടമകളും ഖനനം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>തോട്ടപ്പള്ളിയിലെ കരിമണൽ ഖനനം</u>

T.2451 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളിയിലെ കരിമണൽ ഖനനത്തിനായി ഏതെങ്കിലും ഏജൻസിക്ക് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) കരിമണൽ ഖനനം സംബന്ധിച്ച നയം വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

ചക്കിട്ടപാറ, കാക്കൂർ, ചെറുവ്വ പ്രദേശങ്ങളിൽ
ഇരുമ്പയിർ ഖനനം

2452 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ചക്കിട്ടപാറ, കാക്കൂർ, ചെറുവ്വ പ്രദേശങ്ങളിൽ ഇരുമ്പയിർ ഖനനം നടത്താൻ അനുമതിക്കായി ഏതെല്ലാം കമ്പനികളാണ് അപേക്ഷ നല്കിയിരുന്നത്;

(ബി) ഇതിൽ ഏത് കമ്പനിക്കാണ് യോഗ്യതയുള്ളതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കണ്ടെത്തിയത്;

(സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ തീരുമാനത്തിനെതിരെ ഏതെല്ലാം കമ്പനികളാണ് അപേക്ഷ നല്കിയിരുന്നത്;

(ഡി) ആക്ഷേപങ്ങൾ പരിശോധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറ, കാക്കൂര്‍, ചെറുവ്വ പ്രദേശങ്ങളിലെ ഇരുമ്പയിര്‍ ഖനനം</u>

2453 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയില്‍ ചക്കിട്ടപാറ, കാക്കൂര്‍, ചെറുവ്വ എന്നീ പ്രദേശങ്ങളില്‍ ഇരുമ്പയിര്‍ ഖനനം നടത്താന്‍ ആര്‍ക്കെങ്കിലും അനുമതി നല്‍കിയിട്ടുണ്ടോ;

(ബി) മേല്‍പ്പറഞ്ഞ പ്രദേശങ്ങളില്‍ ഇരുമ്പയിര്‍ ഖനനത്തിനായി അപേക്ഷ നല്‍കിയത് ഏതെല്ലാം കമ്പനികളാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇതില്‍ ഏതെങ്കിലും കമ്പനിയെ സംസ്ഥാന സര്‍ക്കാര്‍ തെരഞ്ഞെടുത്ത് കേന്ദ്രത്തിലേക്ക് ശുപാര്‍ശ ചെയ്ത് അയച്ചിട്ടുണ്ടോ; എങ്കില്‍ ഏത് കമ്പനിയെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും ഒരു കമ്പനിയെ യോഗ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ടെങ്കില്‍, അതിന് സ്വീകരിച്ച നടപടിക്രമങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറയിലെ ഇരുമ്പയിർ ഖനനം

2454 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറയിൽ ഇരുമ്പയിർ ഖനനാനുമതിക്കായി ഏതെങ്കിലും കമ്പനിക്ക് സർക്കാർ അനുമതി നല്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അനുമതി ഏത് തീയതിക്കാണ് നല്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി എന്ത് വ്യവസ്ഥകളാണ് സംസ്ഥാന സർക്കാർ മുന്നോട്ട് വച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ

(ഡി) എം. എസ്. പി. എൽ എന്ന കമ്പനിക്ക് കേന്ദ്ര സർക്കാരിന്റെ മൈനിംഗ് വകുപ്പിൽ നിന്നും അനുമതി ലഭിക്കാനായി സമയപരിധി പറഞ്ഞിരുന്നുവോ;

(ഇ) സമയപരിധി ഏതെല്ലാം തീയതികളിൽ നീട്ടി നല്കിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ നടപടി ക്രമങ്ങളിൽ ചട്ടവിരുദ്ധമായി ഏന്തെങ്കിലും നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ചക്കിട്ടപാറയിൽ ഇരുമ്പയിർ ഖനനാനുമതി റദ്ദു ചെയ്ത ഉത്തരവ്

2455 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചക്കിട്ടപാറയിൽ ഇരുമ്പയിർ ഖനനാനുമതിയുമായി ബന്ധപ്പെട്ട് എം. എസ്. പി. എൽ കമ്പനി സ്ഥലത്ത് സർവ്വെ നടത്താൻ സംസ്ഥാന സർക്കാരിനോട് അനുമതി ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ എന്നാണ് അനുവാദം ചോദിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) സർവ്വേക്ക് വനം വകുപ്പ് അനുമതി നല്കിയോ; എങ്കിൽ അത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ഡി) എം. എസ്. പി. എൽ കമ്പനിക്ക് സർവ്വേ നടത്താൻ പ്ലാന്റേഷൻ കോർപ്പറേഷൻ അനുമതി നല്കിയത് എന്നാണ്;

(ഇ) ഈ സർക്കാർ, ഖനനാനുമതി റദ്ദ് ചെയ്ത് പുറപ്പെടുവിച്ചതായി പറയുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 23.01.2014–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ അനധികൃത ക്വാറികൾ</u>

T.2456 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര അനധികൃത ക്വാറികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എത്ര ക്വാറികളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും, എത്ര ക്വാറികൾക്കെതിരെ സ്റ്റോപ് മെമ്മോ നൽകിയെന്നും വ്യക്തമാക്കുമോ;

(സി) അനധികൃത ഖനനം നടത്തിയ ക്വാറി ഉടമകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കേരളത്തിലെ കൈത്തറി വ്യവസായത്തെ സംരക്ഷിക്കാൻ പദ്ധതി

2457 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൈത്തറി സംഘങ്ങളുടെ കടം എഴുതി ത്തള്ളുന്നതിന് കേന്ദ്രസർക്കാർ എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ അനുവദിച്ച തുകയിൽ നിന്ന് എത്ര തുക കൈത്തറി സംഘങ്ങളുടെ കടം എഴുതി തള്ളുന്നതിന് വിനിയോഗിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) കൈത്തറി വ്യവസായത്തെ സംരക്ഷിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>കരീലകുളങ്ങര സ്പിന്നിംഗ് മില്ലിലെ തീപിടിത്തം</u>

2458 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കരീലകുളങ്ങര സ്പിന്നിംഗ് മില്ലിൽ ഇടയ്ക്കിടെയുണ്ടാകുന്ന തീപിടിത്തം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭാവിയിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ജനറൽ മാനേജർക്കെതിരായി തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവര്‍ത്തനശേഷി ഉയര്‍ത്തുന്നതിനു നടപടി</u>

2459 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കായംകുളം, കരീലകുളങ്ങരയിലെ ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവര്‍ത്തനശേഷി പന്ത്രണ്ടായിരം സ്പിന്റില്‍ നിന്നും ഇരുപത്തി അയ്യായിരം സ്പിന്റിലേക്ക് ഉയര്‍ത്തുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ആയത് എന്ന് പൂര്‍ത്തീകരിക്കാന്‍ കഴിയും;

(സി) എന്‍.സി.ഡി.സി. പ്രസ്തുത പദ്ധതിക്ക് അംഗീകാരം നല്‍കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിങ് മിൽ

2460 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പ്രവർത്തന സജ്ജമായി കിടക്കുന്ന ഉദുമ സ്പിന്നിങ് മിൽ എന്ന് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഇ-സർക്കാർ സംഭരണ സംവിധാനം</u>

2461 ശ്രീ. സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഇ-സർക്കാർ സംഭരണ സംവിധാനം' നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം ഗുണഫലങ്ങളാണ് ഈ സംവിധാനം വഴി വിവിധ വകുപ്പുകൾക്ക് ലഭ്യമാകുക: വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

സർക്കാർ വകുപ്പുകളിൽ ഇ–ഗവേണൻസ്

2462 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ ഇ–ഗവേണൻസ് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്;

(ബി) പൊതുജനങ്ങൾക്ക്, അവർ സർക്കാരിന് നൽകിയിട്ടുള്ള പരാതികളുടെ സ്ഥിതി അറിയുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ഓഫീസുകൾ കടലാസ് രഹിത ഓഫീസുകളാക്കി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ പ്രഖ്യാപിച്ച ഇ–ഡിസ്ട്രിക്ട് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് വാൻ (WAN) പദ്ധതി</u>

2463 ശ്രീ. വർക്കല കഹാർ
,, കെ. അച്ചുതൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'വാൻ' (WAN) പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിവിധ സർക്കാർ ഓഫീസുകൾക്ക് യഥേഷ്ടം വീഡിയോ കണക്ടിവിറ്റി സാധ്യമാക്കാനും ഒരേ കെട്ടിട സമുച്ചയത്തിലെ വിവിധ വകുപ്പുകളെ ഓപ്റ്റിക് ശൃംഖല വഴി ബന്ധിപ്പിക്കാനും എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ഓഫീസ് സമുച്ചയങ്ങളിലും ഈ പദ്ധതി നടപ്പാക്കുവാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സോഫ്റ്റ്‌വെയർ കയറ്റുമതി</u>

2464

ശ്രീ. പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്
,, റ്റി. എ. അഹമ്മദ് കബീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോഫ്റ്റ്‌വെയർ കയറ്റുമതിയിൽ കേരളത്തിന്റെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സോഫ്റ്റ്‌വെയർ കയറ്റുമതി ഉദ്ദേശിച്ച വിധം വർദ്ധിക്കാത്തതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) വരുംവർഷങ്ങളിൽ കൈവരിക്കേണ്ട വർദ്ധനലക്ഷ്യം എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ</u>

2465 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഓരോ പഞ്ചായത്തിലും എത്ര വീതം പുതിയ അക്ഷയ കേന്ദ്രങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നിലവിൽ പല സർട്ടിഫിക്കറ്റുകളും അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സഹചര്യത്തിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

2466 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഈ നിർമ്മാണം ഏത് ആവശ്യത്തിനുള്ളതാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>പുതിയ വ്യവസായ പ്രോജക്ടുകള്‍</u>

2467 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം എത്ര സ്വകാര്യ വ്യവസായ, ഐ.ടി സംരംഭകരുടെ പ്രോജക്ടുകള്‍ക്ക് മന്ത്രിസഭ അംഗീകാരം നല്‍കി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ടുകള്‍ ഏതൊക്കെയെന്നും ഏതൊക്കെ സ്ഥലങ്ങളിലാണ് അവ സ്ഥാപിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ഐ.ടി. കമ്പനികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ

2468 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികൾക്ക് കെട്ടിടം, വൈദ്യുത ചാർജ്ജ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നത് നിലവിലുള്ള ഏത് ചട്ടത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിദേശ കമ്പനികളുമായി സംസ്ഥാനസർക്കാർ നിലവിൽ പാട്ടക്കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലയളവ്, വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഏതെങ്കിലും വിദേശ കമ്പനികൾ പാട്ടക്കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവർക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ

2469 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ അക്ഷയ സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ മലപ്പുറം ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉത്തരവുകളോ, നോട്ടിഫിക്കേഷനുകളോ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>തലശ്ശേരിയിൽ ഐ. ടി. പാർക്ക്</u>

2470 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഐ.ടി പാർക്ക് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാർ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഐ. ടി പാർക്ക് സ്ഥാപിക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക നീക്കി വെക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഐ. ടി പാർക്കിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ സൈബർ പാർക്ക്</u>

2471 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന ''കണ്ണൂർ സൈബർ പാർക്ക്''-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

**കേരള നിയമസഭ**
**23.01.2014–ലെ മറുപടിക്ക്**

<u>വഖഫ് ബോർഡിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ</u>

2472 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രനിയമപ്രകാരം വഖഫ് ബോർഡിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നിയമിക്കണമെന്ന നിർദ്ദേശം ഉണ്ടായി
രുന്നോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പാക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വഖഫ് ബോർഡിന് പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിന് നടപടി</u>

2473 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിന് ഇപ്പോൾ ഭരണ സമിതി നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പുതിയ ഭരണ സമിതി നിലവിൽ വരുന്നതുവരെ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കേന്ദ്ര വഖഫ് നിയമത്തിൽ അനുശാസിക്കുന്ന സംവിധാനം എന്താണ്;

(സി) പ്രസ്തുത സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിയമാനുസൃതം ഭരണനിർവ്വഹണം നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വഖഫ് ബോർഡിന്റെ വസ്തുക്കൾ</u>

2474 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിന്റെ അധീനതയിലുള്ള വഖഫ് വസ്തുക്കളെ അളന്ന് തിട്ടപ്പെടുത്തുന്നതിനും അന്യാധീനപ്പെട്ടത് തിരിച്ച് പിടിക്കുന്നതിനും സർക്കാർ ചെലവിൽ ഒരു സർവ്വേ കമ്മീഷണറെ നിയമിച്ച് നാലുമാസത്തിനുള്ളിൽ നടപടി പൂർത്തീകരിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് എന്നാണ് ലഭിച്ചത്; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വഖഫ് ബോർഡിന് അനുവദിച്ച ധനസഹായം</u>

2475 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും എത്ര രൂപ വീതം വിവിധ ഇനങ്ങളിലായി ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ നൽകിയ ധനസഹായം വർഷം തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഹജ്ജ് വോളണ്ടിയർമാർ</u>

2476 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2013 വരെ സംസ്ഥാന സർക്കാരിന്റെ ഹജ്ജ് വോളണ്ടിയർമാരായവരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ;

(ബി) സർക്കാർ വകുപ്പുകളിലെ ജീവനക്കാരല്ലാത്ത എത്ര പേർ പ്രസ്തുത കാലയളവിൽ ഹജ്ജ് വോളണ്ടിയറായി സേവനമനുഷ്ഠിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ഈ വർഷം എത്ര പേരുടെ ഹജ്ജ് വോളണ്ടിയർ അപേക്ഷകൾ പരിഗണിക്കാതിരുന്നിട്ടുണ്ടെന്ന്, പരിഗണിക്കാതിരുന്നതിന്റെ കാരണം സഹിതം വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഡിപ്പാർട്ട്മെന്റ് ജീവനക്കാരല്ലാത്തവരെ മുൻ വർഷങ്ങളിൽ പരിഗണിക്കുകയും ഈ വർഷം പരിഗണിക്കാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ?